# കേരളസർവകലാശാല

നം.പി.ആർ.253/2021

## പത്രക്കുറിപ്പ്

### പ്രോജക്ട് ആന്റ് വൈവ

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ എം.സി.എ. പ്രോജക്ട് ആന്റ് വൈവ റെഗുലർ ആന്റ് സപ്ലിമെന്ററി (2015 സ്കീം) പരീക്ഷ ഡിസംബർ 13, 14, 15, 16 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ. (വീണ) പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 21 മുതൽ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാലയുടെ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്)/ബി.കോം. (ഹിയറിംഗ് ഇംപയേർഡ്) (2013 സ്കീം) നാലാം സെമസ്റ്റർ ഡിസംബർ 2021 (റെഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 15 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല വിദൂരവിദ്യഭ്യാസകേന്ദ്രം നടത്തുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. (2019 അഡ്മിഷൻ – റെഗുലർ, 2017, 2018 അഡ്മിഷൻ – സപ്ലിമെന്ററി) ഡിസംബർ 2021 പരീക്ഷകൾക്ക് പിഴകൂടാതെ ഡിസംബർ 24 വരെയും 150 രൂപ പിഴയോടെ 29 വരെയും 400 രൂപ പിഴയോടെ 31 വരെയും ഓൺലൈനായി ഡിസംബർ 10 മുതൽ അപേക്ഷിക്കാം. പരീക്ഷാത്തീയതി പിന്നീട് അറിയിക്കുന്നതാണ്.

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ ഇക്കണോമിക്സ് പഠനവകുപ്പിൽ എം.എ. ഇക്കണോമിക്സ് പ്രോഗ്രാമിന് 2021 – 23 ബാച്ച് അഡ്മിഷന് എസ്.സി., എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഡിസംബർ 7 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല പഠനവകുപ്പിൽ എം.കോം. ബ്ലൂ ഇക്കോണമി ആന്റ് മാരിടൈംലോ, എം.എസ്സി. അപ്ലൈഡ് സൈക്കോളജി എന്നീ പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഡിസംബർ 7 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
06.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**